(സി) ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ/ഫ്ളാറ്റുകൾ എന്നിവ ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി & സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകി പുതുക്കിപ്പണിയുവാനുള്ള നടപടികളും ചുറ്റുമതിൽ ഇല്ലാത്ത ക്വാർട്ടേഴ്സ് സമുച്ചയങ്ങൾക്ക് ചുറ്റുമതിലുകൾ പണിയുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദുർബല വിഭാഗങ്ങൾക്കായി ഭവന പദ്ധതികൾ

1 [2137] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗങ്ങൾക്കായി ഭവന പദ്ധതികൾക്കുള്ള വായ്പ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ഏജൻസിയും മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും വായ്പ തുകയും എത്രയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വായ്പ തുകകളുടെ തിരിച്ചടവ് കൃത്യമായി നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കൃത്യമായ കണക്ക് ലഭ്യമാക്കാമോ;

(ഡി) ആയതിന് ഒറ്റത്തവണ തീർപ്പാക്കൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഭവന നിർമ്മാണ ബോർഡിനുവേണ്ടി ലഭിച്ചിട്ടുള്ള തിരിച്ചടവ് തുക ബോർഡിന് ലഭിച്ചിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഹഡ്കോയിൽ നിന്നും ലഭിച്ചതും, ജില്ലാ കളക്ടർമാർക്ക് വിവിധ ഭവന പദ്ധതികൾക്കായി അനുവദിച്ചതും, ചെലവാകാതെ ബാക്കി നിൽക്കുന്നതുമായ തുക, ഹൗസിംഗ് ബോർഡിന് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡ് ജില്ലാ കളക്ടർമാർ മുഖേനയും നേരിട്ടും വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) I ബോർഡ് ജില്ലാ കളക്ടർ മുഖേന നടപ്പിലാക്കിയ വായ്പാ പദ്ധതികൾ:

ക്രമനമ്പർ	*വായ്പാ പദ്ധതികൾ*	*വായ്പ തുക*
1.	പുനരധിവാസ പദ്ധതി ഘട്ടങ്ങൾ	
	i & ii	6000 രൂപ (ഇതിൽ 1500 രൂപ സർക്കാർ സബ്സിഡി)
	iii & iv	9000 രൂപ (ഇതിൽ 1500 രൂപ സർക്കാർ സബ്സിഡി)
2.	കൈരളി	10.000 രൂപ (സബ്സിഡി ഇല്ല)
3.	പ്രളയ ദുരിതാശ്വാസ വായ്പാ പദ്ധതി	15000 രൂപ (ഇതിൽ 9000 രൂപ സർക്കാർ സബ്സിഡി)

II ബോർഡ് നേരിട്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ:

ദുർബല വിഭാഗക്കാർക്കുള്ള വായ്പ	വായ്പ തുക 5000

1980, 82, 83 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയത്:

രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി-92	12500 (1500 രൂപ സബ്സിഡി)
രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി-95	26,400 (9000 രൂപ സബ്സിഡി)
മൈത്രി പദ്ധതി-96	28000 (9000 രൂപ സബ്സിഡി)

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബോർഡ് നേരിട്ട് നടപ്പാക്കിയ വായ്പാ പദ്ധതികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബോർഡ് ജില്ലാ കളക്ടർമാർ വഴി നടപ്പിലാക്കിയ ദുർബല വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിട്ടില്ല.

(ഇ) ജില്ലാ കളക്ടർമാർ മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള വായ്പാ പദ്ധതി കളിലെ തിരിച്ചടവിനത്തിൽ ലഭിക്കുന്ന തുക തഹസീൽദാർമാർ ട്രഷറിയിൽ നിക്ഷേപിച്ചിട്ട് ട്രഷറി ചെക്കുകൾ നൽകുകയാണ് ചെയ്യുന്നത്. ടി ചെക്കുകൾ ട്രഷറി നിയന്ത്രണംമൂലം പലപ്പോഴും മാറിക്കിട്ടാൻ താമസം നേരിടാറുണ്ട്.

(എഫ്) ബാക്കി തുക തിരിച്ചടയ്ക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശബരി റെയിൽവെയുടെ സ്ഥലമെടുപ്പ് നടപടി

2 [2140] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽവെയുടെ സ്ഥലമെടുപ്പ് നടപടി എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) 2002-ൽ ഇതിനായി 6 കോടി രൂപ അനുവദിച്ചിരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥലമെടുപ്പിന്റെ ചുമതല ഇപ്പോൾ ആർക്കാണ്;

(ഡി) ഇതിനായി മൂവാറ്റുപുഴയിൽ ഒരു സ്പെഷ്യൽ തഹസിൽദാർ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശബരി റെയിൽവേപ്പാതയുടെ സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള സർവേ ജോലികൾ തുടർന്നുവരുന്നു.

(ബി) ഉണ്ട്. ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി വിവരം ശേഖരിച്ചുവരുന്നു.

(സി) സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) റെയിൽവേ എറണാകുളം ഓഫീസിനാണ് ഇപ്പോൾ ചുമതല.

(ഡി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly